**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ**

**ചോദ്യം നം. 721** | **04.03.2020-ൽ മറുപടിയ്ക്ക്**

**ഫോക് ലോർ വില്ലേജിന്റെ പ്രവർത്തനം**

**ചോദ്യം**

ശ്രീ. എം. രാജഗോപാലൻ

തെയ്യം കലയുടെ കുലപതിയായ മണക്കാടൻ ഗുരുക്കൾക്കും നർത്തകരത്നം കണ്ണപെരുവണ്ണാനും ഉചിതമായ സ്മാരകം എന്ന നിലയിൽ കാസർഗോഡ് ജില്ലയിലെ കൊടക്കാട് തുടങ്ങാൻ തീരുമാനിച്ച ഫോക് ലോർ വില്ലേജിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇതിന്റെ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ

(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

കാസർഗോഡ് ജില്ലയിലെ കൊടക്കാട് വില്ലേജിൽ കണ്ണപ്പെരുവണ്ണാൻ സ്മാരക കലാഗ്രാമം സ്ഥാപിക്കുന്നതിനു വേണ്ടി 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 25 ലക്ഷം രൂപ 13/10/2017 -ലെ സ.ഉ.(സാധാ) നം. 597/2017/സാം.കാ.വ ഉത്തരവ് പ്രകാരം കേരള ഫോക് ലോർ അക്കാദമിയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ശ്രീ. കണ്ണപെരുവണ്ണാൻ സ്മാരകം പണിയുന്നതിന് കാസർഗോഡ് ജില്ലയിലെ കൊടക്കാട് വില്ലേജിലെ റീ-സ.298/സർവ്വേ നമ്പറിലുള്ള പുറമ്പോക്ക് ഭൂമിയിൽ നിന്നും അക്കാദമിയ്ക്ക് മേൽ പറഞ്ഞ പദ്ധതിയ്ക്കായി സ്ഥലം അനുവദിക്കണമെന്ന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്നും സ്ഥലം അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് കേരള ഫോക് ലോർ അക്കാദമി മുഖാന്തിരം നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ